


# GHSS PALLIKKARE

# ഡിജിറ്റൽ മാഗസിൻ എഡിറ്റോറിയൽ ബോർഡ്

**ചീഫ്എഡിറ്റർ**

ആൻസിൽ.യു.പി

**എഡിറ്റർ**

ആസിയത്ത് മർജാന

**കൺവിനർ**

മറിയം ഷമ്മ

## അംഗങ്ങൾ

ഹാഷിർ.എ.എസ്

ഋഷികേശ്.വി

ഷഹാന നസ്റിൻ

ഫത്തിമത്ത് നസ്റീൻ

ഫത്തിമത്ത് ഫിദ

ഫാത്തിമത്ത് സുഹ്റ

റഊസ സർഫ

ഖദീജ സി.ബി

മറിയം ബഷിർ

മിസ്ബ ടി.എ

ഫാത്തിമത്ത് നഹിമ

ഫാത്തിമത്ത് സഹ്റ

ഫാത്തിമത്ത് നഹല

# ആമുഖം

ഏതൊരു കൂട്ടായ്മയുടെയും മഹത്തായ അടയാളപ്പെടുത്തലാണ് മാസികകൾ. കുഞ്ഞുമനസ്സിലെ സർഗ്ഗാത്മക ഭാവനകളെ അടയാളപ്പെടുത്താനുള്ള ഒരു വേദിയാണ് സ്കൂൾ മാഗസിനുകൾ.  ഇവിടെ ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിനിൽ കുട്ടികളുടെയും അധ്യാപകരുടെയും കലാസൃഷ്ടികൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.  ഏറെ തിരക്കിനിടയിലും ഇത്തരം ഒരു ഉദ്യമം നടത്താനായതിൽ അഭിമാനിക്കുന്നു. എഴുതപ്പെട്ടതിലും ഏറെ എഴുതപ്പെടാതെ പോയ, വരച്ചതിലും ഏറെ വരക്കാതെ പോയ ഉദാത്ത സൃഷ്ടികൾ ഉണ്ടെന്ന ഉത്തമ ബോധ്യത്തോടെ ഈ ഡിജിറ്റൽ മാഗസിൻെറ താളുകളിലേക്ക് സ്വാഗതം.....

-എഡിറ്റർ



# ആശംസ

നമ്മുടെ വിദ്യാലയത്തിലെ

ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ ഒരു ഡിജിറ്റൽ

മാഗസിൻ പ്രസിദ്ധീകരിക്കുന്നു

എന്നറിഞ്ഞതിൽ ഏറെ സന്തോഷം.

ലോകം മുഴുവൻ പ്രശംസനേടിയ  ഐ.ടി കൂട്ടായ്മയായ ലിറ്റിൽ

കൈറ്റ്സിൻ്റെ വിവിധങ്ങളായ

പ്രവർത്തനങ്ങളിൽ ഒരു

പൊൻതൂവലായി ഈ

മാഗസിൻമാറുമെന്നുറപ്പാണ്.ഐ.ടി.

മികവിനൊപ്പം സർഗാത്മ കുട്ടികളുടെ

സർഗാത്മകമികവിനും ഭാവനയ്ക്കും

ചിറകേകുന്ന ഇത്തരം പ്രവർത്തനങ്ങൾ

തികച്ചും മാതൃകാപരമാണ്.

വിദ്യാലയത്തിലെ ഈ ഡിജിറ്റൽ

മാഗസിൻ എല്ലാവിധ ഭാവുകങ്ങളും

നേരുന്നു.

# താളുകളിലൂടെ


| | |
|---|---|
| വിദ്യാലയം നേർവഴികളിലൂടെ | 05 |
| Daughter [Poem] | 06 |
| ഉമ്മ [കവിത] | 07 |
| അനുതാപം [കവിത] | 08 |
| സപ്പ [കവിത ഹിന്ദി] | 09 |
| തീരാനോവ് [കവിത] | 10-11 |
| Riddles | 12 |
| നേർകാഴ്ച്ച | 13-14 |
| G.K @ a glance | 15 |
| സൗഹൃദം [കവിത] | 16 |
| മാഷും കുട്ടിയും | 17 |
| Mathematics | 18 |
| പിതാവിന്റെ മഹത്വം | 19 |
| വരയും വർണ്ണവും | 20-25 |



## വിദ്യാലയം - നാൾവഴികളിലൂടെ

വിദ്യാഭ്യാസ ജില്ല കാഞ്ഞങ്ങാട്

ഉപജില്ല:ബേക്കൽ

റവന്യൂ ജില്ല:കാസർഗോഡ്

ബി.ആർ.സി:ബേക്കൽ

ഹെഡ്മാസ്റ്റർ:കെ.വി.സുരേഷ്

കാഞ്ഞങ്ങാട് - കാസർകോട് സംസ്ഥാന പാതക്കരികെ ബേക്കൽ ഫോർട്ട് റയിൽവെ സ്റ്റേഷൻ്റെ സമീപസ്ഥിതി ചെയ്യുന്ന വിദ്യാലയത്തിൻ്റെ പടിഞ്ഞാറ് ഭാഗം മനോഹരമായ പള്ളിക്കര ബീച്ചാണ്. കന്നട വാക്കായ കരെ യോട് ചേർന്ന് പള്ളി എന്ന മലയാളം വാക്ക് ചേർന്നാണ് പള്ളിക്കരെ എന്ന സ്ഥല നാമമുണ്ടായത്. കന്നടയിൽ കരെ എന്നാൽ കുളം എന്നാണ് അർഥം. പള്ളിക്കുളത്തിന് അടുത്തുള്ള സ്ഥലം എന്നാണ് സ്ഥല നാമ ചരിത്രം സൂചിപ്പിക്കുന്നത്. പ്രദേശത്തെ കന്നഡ സംസ്കാരത്തിന്റെ സൂചന കൂടിയാണ് ഈ സ്ഥല നാമം. ബേക്കൽ കോട്ട ആസ്ഥാനമായി ഭരിച്ച ഇക്കേരി രാജ വംശത്തിൻ്റെ പാരമ്പര്യം നിലനിൽക്കുന്ന പ്രദേശത്ത് കന്നട ഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങൾ നിലവിലുണ്ട്. മൽസ്യ തൊഴിലാളികൾ അടക്കമുള്ള പിന്നാക്ക ജനവിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശത് ഗൾഫ് കുടിയേറ്റത്തോട് കൂടിയാണ് സാമൂഹ്യമായ പുരോഗതി ഉണ്ടായി തുടങ്ങിയത് 1974ൽ സ്ഥാപിതായ വിദ്യാലത്തിൽ തുടക്കത്തിൽ അമ്പരിൽ താഴെ വിദ്യാർത്ഥികളേ ഉണ്ടായിരുന്നുള്ളു.പീടിക വരാന്തയിൽ ആരംഭിച്ച വിദ്യാലയം പിന്നീട് പിടിഎ യും നാട്ടുകാരുചേർന്ന് നിർമിച്ച താൽക്കാലിക ഷെഡിലേക്ക് മാറി. പിന്നീട് ഈ കെട്ടിടം കാറ്റിൽ നിലംപൊത്തുകയായിരുന്നു. ഭൗതിക സൗകര്യങ്ങളുടെ അഭാവം അധ്യാപകക്ഷാമം തുടങ്ങിയവ ആദ്യകാലങ്ങളിൽ ഈ വിദ്യാലയത്ത ഏറെ പ്രയാസങ്ങൾ സൃഷ്ടിച്ചു. എന്നാൽ സാമൂഹിക പ്രതിബന്ധതയുള്ള നാട്ടുകാരുടെ നിരന്തര ഇടപെടലാണ് ഈ വിദ്യാലയത്തെ ഇന്നത്തെ രീതിയാൽ നിലനിർത്തിയത്. സ്കൂളിന് രണ്ടര ഏക്കർ സ്ഥലം ലഭിക്കുന്നതിനായി നാട്ടുകാ സമരം നടത്തി അറസ്റ്റു വരിച്ച സംഭവം വരെ ഉണ്ടായിട്ടുണ്ട്. സ്കൂളിൻ്റെ ദൗതിക സാഹചര്യം ഒരുക്കുന്നതിൽ എടുത്തു പറയേണ്ട പേരാണ് യശശരീരനായ പ്രവാസി വ്യവസായി പി. ഇബ്രാഹിം ഹാജിയുടെ പേര്. തൻ്റെ പിതാവിൻ്റെ ഓർമക്കായി രണ്ട് കെട്ടിടങ്ങൾ അദ്ദേഹം വിദ്യാലയത്തിനായി നിർമിച്ചു നൽകി. 2004ൽ ആണ് ഹയർ സെകൻ്ററിയായി വിദ്യാലയത്തെ ഉയർത്തിയത്. ആദ്യ എസ് എസ് എൽ സി ബാച്ച് 1977ൽ ആണ് പുറത്തുവന്നത്. മലയാളം ഇംഗ്ലീഷ് കന്നട മീഡിയം ക്ലാസുകൾ ഇവിടെ നിലവിലുണ്ട്.

# DAUGHTER

LISTEN
EVERYWHERE YOU ARE;
SUFFOCATING,SIMPLY
SEARCHING
TO TOUCH THE DARKNES
THE ALL PERVADING
VOIDNESS
ALWAYS CONFUSING ;
TO SORT OUT THE REAL
BUT IT IS HERE ;YOU CAN'T
BECAUSE ALL THAT IS DIVINE
HAS ALREADY DRAPED
EVEN YOUR LAUGHS
MAKE ME MAD
WITHOUT KNOWING;
HOW TO SAVE YOU
STILL LIKE A FOOL
SOMETIMES FEEL LIKE
BUT TRY TO LEAD THEM
HOW TO UNVEL
THOSE, DARK PATCHES
BEFORE THEM ;WITH STEADY -
STEPS
TO REGAIN AND RECOLLECT
"YOU ARE THE POWER
NEVER GIVE IN;WALK
TOWARDS THE LIGHT
REMEMBER; YOU ARE NOT -
SIMPLY GOODS-YOU'R THE DIVINE

-Indira Appan

# ഉമ്മ

നാവിൻ തുമ്പത്ത് നിന്ന് വരുന്ന
രണ്ടക്ഷരമല്ല ഉമ്മ
ഭൂമിയിൽ എഴുതപ്പെട്ട ഏറ്റവും
വലിയ കാരുണ്യമാണുമ്മ
സന്തോഷത്തോടെയെന്നും പുഞ്ചിരി
തൂകി സന്താപമെല്ലാം
ഉള്ളിലൊതുക്കി സുഗന്ധം പരത്തിയ
ദിവ്യ പുഷ്പമാണുമ്മ
ഒരു ചെറുപുഞ്ചിരിയിൽ
പ്രപഞ്ചത്തെയൊളിപ്പിച്ച
മായാജാലമാണുമ്മ
കടലാഴമുള്ള നോവുകൾക്കും ഒരു
നോക്കിനാൽ സാന്ത്വനമാകുമുമ്മ
കാണാക്കിനാക്കളാൽ അലയുന്നൊരെൻ
ഹൃദയത്തെ വർണ്ണാത്മകമാകുന്ന
അത്ഭുത ശക്തിയാണുമ്മ

മിസ്ബ

# അനുതാപം

മനസ്സൊന്ന് പിടഞ്ഞു
ഹൃദയമൊന്ന് വിതുമ്പി
ആറ്റ് നോറ്റുണ്ടായ കുഞ്ഞ്
വ്യത്യസ്തനാണെന്നറിഞ്ഞപ്പോൾ
സ്വപ്നങ്ങളൊക്കെയും
കീഴമേൽ മറിയുന്നു.
നിറയുന്നതാ മുന്നിൽ ജീവിതഭാരവും
ഇഴയുന്ന കൈകാലുകൾക്കായി
ഇമ വെട്ടാതെ നോക്കി നിന്നു.
പിടഞ്ഞ് പോയാ ഹൃദയം
നിശ്ചലനങ്ങൾക്ക്മുന്നിൽ
ദിനങ്ങൾക്ക് ദൈർഘ്യമേറെ
കരകാണാ കടലു പോലെ
പരന്ന് കിടക്കുന്നു.
തൻ കുഞ്ഞിൻ ചുണ്ടിൽ
നിന്നുതിരുന്നുണ്ടോ വാക്കുകൾ?
കണ്ണും കാതും കൂർപിച്ചിരുന്നു പോയി
ആ....എന്നക്ഷരം
സ്വർഗത്തിന് തുല്യം.

# सपना

सपना है मेरी सूरज बानने का
ताकि मै साब को पाकाश फैलादो
सापना है मेरी हवा बनने का
ताकि मै सब को सुख फैलादो
सापना है मेरी पेट बनने का
तकी मै सब को शीतलता फैलादो
सपना है मेरी फूल बनने का
ताकि साब को मै खुशी फैलादो
सापना है मेरी बारिश बनने का
ताकि सब को मै भीगका आराम
से सायो

-Sathi.

# തീരാനോവ്

ശാരീരിക വൈകല്യം കാരണം കിടപ്പി-
ലായ ഫാത്തിമത്ത് ആദിലയെ സന്ദർശി
ച്ചതിന് ശേഷം എഴുതിയത്.......

കിടക്കപ്പായയ്യിൽ നിന്നൊന്ന്
നിവരുവാനാകാതെ......
വിധിവൈപരീത്യം പോൽ.....

പുള്ളിച്ചിറകുകളെല്ലാമൊതുക്കി
വിശ്രമിക്കുകയാണിവൾ...ഭൂമിയിൽ..

അമ്മയുടെ കൺകളിൽ....
നിറയുന്ന ദൈന്യത....

തീരാനോവിന്റെ നെടുവീർപ്പുക-
ളാമാത്രഹ്രദയത്തെ പൊള്ളി-
ക്കുന്നുണ്ടാവാം.......
വിടർന്ന കണ്ണുകളലൂടെ നീ
എന്നിലേക്കെറിഞ്ഞ നോട്ടത്താ-
ൽ... വെന്തുരുകിയപ്പോകുന്നു
ഞാൻ.....

നിറഞ്ഞപുഞ്ചിരിയിലൊരുതുക്കുക-
യാവാം....
നിന്റെ നിറമുള്ള സ്വപ്ന്ങ്ങളൊ-
ക്കെയും.....

മകളേ......
പറിച്ചെടുക്കട്ടെ ഞാനെൻ കൺക-
ൾ നിന്നിൽ നിന്നും....
വാരിപ്പൂണർന്നൊന്നുമ്മവെക്കാൻ
കഴിയാതെ....
തിരികെ നടക്കാതെ ഞാൻ...

സഹനത്തിൽ കൊടുമുടികൾ
താണ്ടുമാമാതാവിൻ
പാതങ്ങൾക്ക് ശക്തിപകരട്ടേ
സർവ്വേശ്വരൻ...

വിദ്യ.എം

# RIDDLES

SEEN IN INTERNAL ORGANS LIKE THE

STOMACH SMALL INTESTINE. I AM SEEN IN

BLOOD VESSLES . I AM SPINDLE SHAPE .

NO STERATION.WHO AM I?

SMOOTH MUSCLES

I AM SEEN IN HUMAN BODY IN HAND

MUSCLES .I AM RELATION BETWEEN

MUSLES AND BONES.WHO AM I ?

TENDON

I AM HARDEST PART OF HUMAN BODY.

WHO AM I ?

TEETH ENAMEL

I HAVE KEYS BUT DONOT LOCK .I HAVE

SPACE BUT HAVE NO ROOM .YOU CAN

ENTER BUT NOT COME IN .WHAT AM I?

COMPUTER

I HAVE GREEN LENDER STEM AND I AM

SHORTEST IN SIZE .WHO AMI ?

PLANT

# നേർക്കാഴ്ച

കരിഞ്ഞുണങ്ങിയ ആ മരത്തിന്റെ ശിഖിരങ്ങളിൽ നിന്നും പുറത്തേക്ക് വന്ന ദീന രോദനമാണ് കുഞ്ഞിക്കിളിയെ അവിടെ പറന്നിരിക്കാൻ പ്രേരിപ്പിച്ചത്.

എന്നും രാവിലെ ഇറങ്ങുമ്പോൾ എന്തെങ്കിലുമൊരു ലക്ഷ്യം മുന്നിൽ കണ്ടാണ് കുഞ്ഞിക്കിളി ഇറങ്ങുക. പിന്നെ അത് നേടുന്നത് വരെ വിശ്രമമില്ലാത്ത പറക്കലാണ്. പക്ഷേ ഇന്നാ പതിവ് തെറ്റിച്ചു ..... അതിന് തക്കതായ കാരണവുമുണ്ട് ആ ആൽ മരം ശിഖിരങ്ങൾ നീട്ടാൻ തുടങ്ങിയിട്ട് അധിക കാലമൊന്നുമായില്ല..... അകാല വാർദ്ധക്യമോ?! വിടരും മുമ്പേ ഞെട്ടറ്റു വീണ പുഷ്പത്തെ പോലെ! ...... സങ്കടം തോന്നി ..... അതിന്റെ ദീന രോദനം കേട്ടപ്പോ ...... അതാ മറ്റൊന്നും ആലോചിക്കാതെ പറന്നിറങ്ങിയത്.

നീ എന്താ ഇങ്ങനെ? എന്താ നിനക്ക് പറ്റിയത് ? ആശ്ചര്യവും ആകാംക്ഷയും നിറഞ്ഞ കുഞ്ഞിക്കിളിയുടെ ചോദ്യം കേട്ടപ്പോൾ ആൽമരം തന്റെ ശിഖിരങ്ങൾ മെല്ലെ ചലിപ്പിക്കാൻ ശ്രമിച്ചു. ഇല്ല അതിനും തനിക്കാവുന്നില്ല ::.. ആ സത്യം തിരിച്ചറിഞ്ഞപ്പോൾ എന്തെന്നില്ലാത്ത നോവ് തന്നെ വലിഞ്ഞ് മുറുക്കുന്നത് പോലെ തോന്നി.

എങ്കിലും എല്ലാ ശക്തിയും സംഭരിച്ച് കുഞ്ഞിക്കിളിയോട് പ്രതികരിച്ചു : നിനക്കിവിടെ ഇരിക്കാൻ തോന്നിയത് തന്നെ നീ നല്ല മനസ്സിന്റെ ഉടമയായത് കൊണ്ടാണ് ...നിന്റെ ആ ചോദ്യവും എന്നെ ഏറെ സന്തോഷിപ്പിച്ചു. സ്വാർത്ഥ താൽപര്യങ്ങൾക്ക് മാത്രം വില കൊടുക്കുന്നവരാണ് അധികപേരും ഇതും പറഞ്ഞ് ആൽമരം വീണ്ടും വിതുമ്പി .

ഭൂമിയിൽ ജീവൻ നിലനിൽക്കുന്നിടത്തോളം നന്മയുടെ ഒരംശം എവിടെയെങ്കിലും കാണാതിരിക്കില്ല .....നീ കാര്യം പറയൂ കുഞ്ഞിക്കിളി സമാധാനിപ്പിച്ചുകൊണ്ട് ചോദിച്ചു

ആൽമരം തൻറെ കഥ പറയാൻ തുടങ്ങി :

ഈ റോഡരികിലാണ് എന്റെ വാസമെന്നറിഞ്ഞപ്പോൾ ആദ്യം എന്റെ ഉള്ളൊന്ന് പിടഞ്ഞിരുന്നു. പക്ഷേ അന്നത്തെ ജനബാഹുല്യവും മിന്നിമറഞ്ഞ ഫ്ലാഷുകളും എന്നിൽ സന്തോഷത്തിന്റെ പുതുനാമ്പുകൾ നീട്ടി. ഞാൻ വളരെ സന്തോഷവതിയായി. നഗരമധ്യത്തിലായാലുണ്ടാകുന്ന ഗുണങ്ങളെ കുറിച്ച് ആലോചിച്ചു. ജാതി മത ഭേദമന്യേ ആർക്കും തണൽ നൽകാൻ എനിക്ക് കഴിയും.... ശുദ്ധമായ വായു നൽകാൻ ഞാൻ കാരണമാകും ഇതൊക്കെ എന്നെ കൂടുതൽ ഉന്മേഷവതിയാക്കി. ആദ്യത്തെ രണ്ട് ദിവസം എന്നെ ഇവിടെ നട്ട ക്ലബ്ബുകാരാണ് വെള്ളവും കൊണ്ട് വന്നത്. പിന്നെ പ്രതീക്ഷകളുടെ ദിവസങ്ങളായിരുന്നു . ഓരോ ദിവസം കഴിയുന്തോറും ഞാൻ നിരാശയായി ....

ഞാൻ എന്നിലെ വേരുകളെ
കൂടുതൽ ശക്തിയോടെ
ആഴിറക്കി
കരുത്താർജ്ജിക്കാൻ
തീരുമാനിച്ചു. അങ്ങനെ
ഞാൻ വളരാൻ തുടങ്ങി.
എനിക്ക കീഴിൽ ഇരിപ്പിടം
റെഡിയാക്കിയപ്പോൾ ഞാൻ
ഏറെ ആഹ്ലാദിച്ചു.
നിങ്ങളുടെ കൂട്ടുകാർ വന്ന്
എന്നിൽ കലപില
കൂട്ടുമ്പോൾ എനിക്ക്
എന്തെന്നില്ലാത്ത
സന്തോഷമായിരുന്നെന്നോ ?

വിഷമയമായ
പുകകളും മറ്റും കൊണ്ട്
അവരെന്റെ ശരീരത്തെ
മലിനപ്പെടുത്തുമ്പോഴും
അവരുടെ
നിലനിൽപിനാവശ്യമായ
ശുദ്ധവായു നൽകാൻ ഞാൻ
താൽപര്യപ്പെട്ട
കൊണ്ടേയിരുന്നു. വസന്തവും
വേനലും നാലഞ്ച് തവണ
സന്ദർശനം നടത്തി.

അന്ന് ആളുകളുടെ
കോലാഹലം കേട്ടപ്പോൾ
ചെറിയ പന്തികേട് തോന്നി
അവർ സംസാരിക്കുന്നത
അതിനെ കുറിച്ചായിരുന്നു.

ഇന്ന് തിരക്കുകളുടെ
ലോകമാണ്. ജീവിതത്തിന്റെ
പല ആപൽ ഘട്ടത്തിലും BC
എന്ന രണ്ടക്ഷരത്തിന്റെ പേര്
പറഞ്ഞ മനുഷ്യർ
ഒളിച്ചോടുന്നു. ആർക്കും
കാത്തിരിക്കാൻ വയ്യ .....
അവർ വീണ്ടും അതിനെ
കുറിച്ച് തന്നെ സംസാരിച്ചു.
"വികസനം " ആ വാക്ക
പ്രതിധ്വനിക്കുന്നതായി
എനിക്ക തോന്നി ........
അങ്ങ പടിഞ്ഞാറ്
അറബിക്കടലോളം അത്
നീണ്ടിട്ടുണ്ടാകും. ഒന്ന്
നെടുവീർപ്പിട്ട കൊണ്ട്

ആൽമരം വീണ്ടും തുടർന്നു :
ഇരിക്കും കൊമ്പ് വെട്ടരുത്
എന്ന കേട്ടിട്ടില്ല നിയ്യ ?! ആ
കാണുന്ന നിലം വലിയൊരു
കുന്നായിരുന്നു എന്നെ
പോലെ എത്രയോ മരങ്ങൾ
അള്ളിപിടിച്ചിട്ടുണ്ടായിരുന്നു
അതിന്മേൽ ....
അതില്ലാതാക്കാൻ
തുടങ്ങിയിട്ട ദിവസം
രണ്ടായതേ ഉള്ളൂ ....
ഇന്ന .....അതുണ്ടായിരുന്നു
എന്നതിന്റെ ഒരു തെളിവ
പോലും അവശേഷിക്കുന്നില്ല.
നാളെ ഞാനും ......

പക്ഷേ ഇന്നത്തെ ദിവസം
എനിക്ക ഒരു പാട് ആശ്വാസം
തരുന്നതാണ്.
പറയാനുള്ളതൊക്കെ
നിന്നോട പറഞ്ഞ
കഴിയുമ്പോ .......
ഭാരമില്ലാത്ത മനസ്സുമായി
എനിക്ക് പോകാം .....പിന്നെ
ഈ ചെവി കൊടുക്കുക
എന്നുള്ളത് ചെറിയ കാര്യമല്ല
കുഞ്ഞേ ...... ചെയ്തില്ലേലും
കേൾക്കാൻ ആളുണ്ടാവുക
എന്നത തന്നെ
മഹാഭാഗ്യമാണ്
കുഞ്ഞേ ......
ആൽമരം പറഞ്ഞ് നിർത്തി.
അനന്ത വിഹായുസ്സിലേക്ക്
കണ്ണുംനട്ട എന്ത
ചെയ്യണമെന്നറിയാതെ
കുഞ്ഞിക്കുരുവി മരച്ചില്ലയിൽ
ഇറുകിപ്പിടിച്ചിരുന്നു.

-ഫരീദ മുനീർ
വലിയ പറമ്പ

# സൗഹൃദം

എൻ ജീവിതത്തെ മാറ്റിയതും
എൻ ജീവിതത്തിൽ സന്തോ-
ഷം പകർന്നതും,നീയാണെൻ
സൗഹൃദമേ...

നീയില്ലായിരുന്നെങ്കിൽ എന്റെ
ദിവസങ്ങൾ ഖിവസങ്ങളായേനേ...
നിന്റെ മൊഴിയിലേ സ്വാന്തനവും
നിന്റെ മൊഴിയിലേ സ്വപ്നങ്ങളും
എനിക്കിന്ന് പുതു ജീവൻ
നൽകുന്നു

ഓർമ്മകളിലൊരു കൂട്ടായ്...
ചിന്തകളിലൊരു കുളിർമയായ്...
എന്നെന്നും നീയെന്റെ
ജീവനെ ധന്യമാക്കണേ...

(സൗഹൃദം) റയീസ

# മാഷും കുട്ടിയും

വിദ്യാർഥി- കഴിഞ്ഞ കൊല്ലം ചോദിച്ച അതേ ചോദ്യങ്ങളാണ് മാഷേ ഇത്തവണത്തെ പരിക്ഷക്കും വന്നിരിക്കുന്നത്.

മാഷ് - അതുശരി. പക്ഷേ ഇത്തവണ എല്ലാ ഉത്തരങ്ങളും വ്യത്യസ്തങ്ങളാണ്. അത് ശ്രദ്ധിച്ചില്ലേ

ആ മാഷ് സാക്ഷാൽ ആര്യബർട്ട് ഐൻസ്റ്റിൻ ആയിരുന്നു എന്നതാണ് കൗതുകം. ശാസ്ത സത്യങ്ങൾ മാത്രമായിരുന്നു എന്നതാണ് ഇവിടെ സൂചന.

# MATHEMATICS

**M**- miracle of Nature

**A**- Art of Arithematic

**T**- Tools of knowledge

**H**- Habit of Problem Solvin

**E**- Evaluation of Civilisatio

**M**- Magic of Numbers

**A**- Application of Rules

**T**- Tools of Knowledge

**C**- Creativity of Algebra


**S**- Science of leaning

-HASHIR

# പിതാവിന്റെ മഹത്വം

വണ്ട് ഒരു കാലത്ത് സിറ്റീന്ന് കുറച്ച് അകലെ ഒരു ടാക്സി ഡ്രൈവറും അയാളുടെ മകളും ഉണ്ടായിരുന്നു അയാളുടെ മകളായിരുന്നു അയാളുടെ ലോകം അവളുടെ ജീവിതത്തിൽ ഒരുപാട് ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും ഉണ്ടായിട്ടും അയാൾ പ്രതീക്ഷ വിട്ടില്ല ഒരു ദിവസം അയാളുടെ മകൾ വളർന്ന് വലുതായി നല്ലൊരു ജീവിതം നയിക്കുമെന്നുള്ള പ്രതീക്ഷകൾ അവൾ പറഞ്ഞു അയാളുടെ പേര് മോഹൻ എന്നായിരുന്നു അയാൾ പലപ്പോഴും വയറ് നിറച്ച് ഭക്ഷണം കഴിക്കാറില്ലായിരുന്നു കാര ഒരു കഷണം ബന്ന് വാങ്ങാൻ പോലും ബുദിമുട്ടായിരുന്നു.ഒരു മാരക രോഗം പിടിപ്പെട്ട് അയാളുടെ ഭാര്യ മരിച്ചിട്ട് 5 വർഷം ആയി അത് ഒരു നല്ല കാലമായിരുന്നു.മോഹൻ സ്വന്തമായി ടാക്സി ഓടിച്ച് കുടുംബത്തിന് വേണ്ട വരുമാനം ഉണ്ടാക്കുമായിരുന്നു.പക്ഷെ ഭാര്യയുടെ ചികിത്സക്ക് വേണ്ടി അദ്ദേഹത്തിന് ടാക്സി വിൽക്കേണ്ടി വന്നു. പക്ഷെ അയാൾക്ക് ഭാര്യയെ രക്ഷിക്കാൻ ആയില്ല.ഇപ്പോൾ മോഹൻ വേറെ ആരുടെയോ ടാക്സിയാണ് ഓടിക്കുന്നത്.മോഹൻ ഒരുപാട് അധ്വാനിച്ചിട്ടും ആവശ്യത്തിന് പണം സമ്പാദിക്കാൻ പറ്റുന്നില്ല.എന്നും രാവിലെ മോഹൻ സാറയെ സ്കൂളിൽ കൊണ്ടു വിടുമായിരുന്നു.അവിടുന്ന് മോഹൻ ടാക്സിയുമായിട്ട് സിറ്റി മുഴുവനും പോകുമായിരുന്നു അന്ന് രാവിലെ മോഹൻ സാറയെ അവളുടെ പുതിയ സ്കൂളിൽ വിട്ട മോഹന് അന്ന് അഭിമാനം തോന്നി.മകളെ ഓർത്തു സന്തോഷിച്ചു.






AP 3/3 Woodcut
Dark
2021





# THE END

